DESPATCHED
On 16/06/2020

29/02/2020

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2561605, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.1392(4)/2012/എസ്.ഐ.സി.**
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
(ഫയൽ നം. 8692/എസ്.ഐ.സി–ജി 2/2012)

ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. സാം കെ. ജോർജ്ജ്,
ക്രൈം റിപ്പോർട്ടർ,
കൊച്ചു കരിനാട്ടിൽ, അടിമാലി പി.ഒ. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   സെക്രട്ടറി,
   പള്ളിവാസൽ ഗ്രാമപഞ്ചായത്ത് ഓഫീസ്,
   പള്ളിവാസൽ പി.ഒ, ചിത്തിരപുരം.

2. അപ്പീൽ അധികാരി &
   ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്,
   പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
   തൊടുപുഴ.

} എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 21.02.2012 ൽ ഒന്നാം എതിർകക്ഷിക്കു നൽകിയ വിവരാവകാശ അപേക്ഷയ്ക്കും തുടർന്നു നൽകിയ ഒന്നാം അപ്പീലിനും കൃത്യമായ മറുപടി ലഭിച്ചില്ല എന്നാരോപിച്ചാണ് ടിയാൻ കമ്മീഷന് അപ്പീൽ നൽകിയിരിക്കുന്നത്. [illegible]

കൃത നിർമ്മാണം സംബന്ധിച്ച അഞ്ചിന വിവരങ്ങളാണ് ടിയാൻ ആവശ്യപ്പെട്ടത്.

2. ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികളെപ്പറ്റിയുള്ള റിപ്പോർട്ട് സമർപ്പിക്കാൻ നിർദേശിച്ചതനുസരിച്ച് 07.09.2012 ൽ ഒന്നാം എതിർകക്ഷി കമ്മീഷന് റിപ്പോർട്ട് സമർപ്പിച്ചു.

3. അപ്പീൽ അധികാരിയുടെ നിർദേശാനുസരണം 22.06.2012 ൽ അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾ ഒരിക്കൽക്കൂടി നൽകിയിട്ടുള്ളതും, അഞ്ചാം ചോദ്യം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല എന്ന കാരണത്താൽ മറുപടി നൽകേണ്ടതില്ല എന്ന് എസ്.പി.ഐ.ഒ യെ അറിയിച്ചിട്ടുള്ളതുമാണെന്നാണ് പ്രസ്തുത റിപ്പോർട്ടിൽ പറയുന്നത്.

4. കമ്മീഷൻ ഇതു പരിശോധിച്ചു. പഞ്ചായത്തിന്റെ ഫണ്ടുപയോഗിച്ച് നടത്തിയ നിർമ്മാണത്തെപ്പറ്റിയുള്ള പൂർണ വിവരങ്ങളും, ടാങ്ക്, കുളം, സംഭരണി ഏതാണ് ശ്രീ. പി.സി രാജപ്പന്റെ സ്ഥലത്ത് നിർമിച്ചത് എന്നതാണ് അഞ്ചാം ചോദ്യം.

5. ഇത് ക്രോഡീകരിച്ച് നൽകേണ്ടതായതുകൊണ്ട് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല എന്ന രണ്ടാം എതിർകക്ഷിയുടെ നിലപാട് കമ്മീഷൻ ശരിവയ്ക്കുന്നു. ബാക്കി വിവരങ്ങൾ അപ്പീൽ ഹർജിക്കാരന് ഇതിനകം ലഭിച്ചിട്ടുണ്ട് എന്നും കമ്മീഷൻ കരുതുന്നു.

6. ഇതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജി ഇന്നേദിവസം 29.02.2020 ന് തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)

**കെ.വി. സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

re